## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *211

17-08-2017 ലെ മറുപടി

**ജല ലഭ്യത കുറഞ്ഞു വരുന്ന സാഹചര്യം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക്<br>ശ്രീ.അബ്ദുൽ ഹമീദ്.പി | | മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സുലഭമായിരുന്ന ജലത്തിന്റെ ലഭ്യത അടിക്കടി കുറഞ്ഞു വരുന്ന സാഹചര്യത്തിൽ, ജലവുമായി ബന്ധപ്പെട്ട സർക്കാർ നയങ്ങളിലും നടപടികളിലും പരിഷ്ക്കരണം ആവശ്യമാണെന്ന് കരുതുന്നുണ്ടോ ; | (എ) | മഴയെ ആശ്രയിച്ചാണ് കേരളത്തിലെ ജലലഭ്യത പ്രധാനമായും നിലനിൽക്കുന്നത്. വാർഷിക ശരാശരി മഴ 3000 മി.മീറ്ററായാണ് കണക്കാക്കുന്നത്. എന്നാൽ കഴിഞ്ഞ കാലവർഷക്കാലത്തും (2016-17) ഈ വർഷവും ലഭ്യമായ മഴയുടെ തോതിൽ ഗണ്യമായ കുറവാണ് രേഖപ്പെടുത്തി-യിട്ടുള്ളത്. ഈ വർഷവും, നാളിതുവരെ ലഭിച്ച മഴ കണ-ക്കാക്കുമ്പോൾ 27 ശതമാനത്തിന്റെ കുറവാണ് കണക്കാ-ക്കിയിരിക്കുന്നത് (ജൂൺ 1 മുതൽ ആഗസ്റ്റ് 9 വരെ). കഴിഞ്ഞ വർഷത്തേതുമായി താരതമ്യപ്പെടുത്തുമ്പോൾ ഡാമുകളിലെ ജലനിരപ്പ് 5 മുതൽ 10 മീറ്റർ വരെ ഈ വർഷം കുറവാണ്. മഴയുടെ ലഭ്യതയിൽ ഉണ്ടാകുന്ന സ്ഥലകാല വ്യതിയാനവും ജലലഭ്യതയെ കാര്യമായി ബാധിക്കുന്ന ഒരു ഘടകമാണ്. ഇക്കാരണത്താൽ ജലവിഭവ വിനിയോഗവും സംരക്ഷണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നിർവ്വഹിക്കപ്പെടേണ്ടതുണ്ട്. ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലവിഭവമിഷന്റെ പ്രാരംഭ പ്രവർത്തനങ്ങളായി കുളങ്ങൾ, തോടുകൾ എന്നിവ പുന:രുദ്ധരിച്ച് ജലവിഭവ സംരക്ഷണം കാര്യക്ഷമ-മാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ഇതോടൊപ്പം, ഭൂജലപോഷണ പ്രവർത്തനങ്ങൾ, ജലദുരുപയോഗം കുറയ്ക്കുന്നതിനുള്ള പ്രചാരണ പ്രവർത്തനങ്ങൾ, ജല പുനരുപയോഗം വർദ്ധിപ്പിക്കൽ, ജലമലിനീകരണം ഇല്ലാതാക്കൽ, നദികളിൽ |

| | | | |
|---|---|---|---|
| | | | നിന്നും ജലം എടുക്കുന്നതിനു കൂടുതൽ നിയന്ത്രണം എന്നിവ ഫലപ്രദമായി നടപ്പിലാക്കുന്നതിലൂടെ ജലദൗർലഭ്യം ഒരു പരിധി വരെ തടയാവുന്നതാണ്. |
| (ബി) | എങ്കിൽ, ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കാലാവസ്ഥാ വ്യതിയാനം, മൺസൂൺ മഴയുടെ കുറവ് എന്നിവ കണക്കിലെടുത്ത് ജലസംരക്ഷണത്തിന് ഊന്നൽ നൽകി ഹരിത കേരളം, ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ജലനിധി പദ്ധതികൾ ഉൾപ്പെടെയുള്ള പരിപാടികൾ സർക്കാർ നടപ്പിലാക്കി വരുന്നു.<br>കൂടാതെ ജലസംരക്ഷണം, കനാലുകളിൽ നിന്നുള്ള ജലനഷ്ടം കുറയ്ക്കൽ എന്നിവയ്ക്കുള്ള വിവിധ പ്രവർത്തനങ്ങൾ സാമ്പത്തിക ലഭ്യതയനുസരിച്ച് നിർവ്വഹിച്ചു വരുന്നുണ്ട്. കിണർ റീ-ചാർജ്ജിംഗ്, മഴക്കുഴികൾ വഴിയുള്ള ജലസംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾ മറ്റു വകുപ്പുകൾ/ ഏജൻസികൾ മുഖേനയും നടന്നു വരുന്നു. |
| (സി) | മറഞ്ഞുകൊണ്ടിരിക്കുന്ന സ്വാഭാവിക ജലസ്രോതസ്സുകൾ, പാഴായിപ്പോകുന്ന മഴവെള്ളം എന്നിവയുടെ കാര്യത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കുമോ? | (സി) | പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ, നീരുറവകൾ, തടാകങ്ങൾ എന്നിവ സംരക്ഷിച്ച്, പുന:രുദ്ധരിച്ച് ജലം സംഭരിച്ച് സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷന്റെ ഭാഗമായ ജലവിഭവ മിഷൻ ജലവിഭവ വകുപ്പ് നടപ്പിലാക്കി വരുന്നു. ഹരിതകേരളം മിഷന്റെ ഭാഗമായി നീർത്തടമാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി. അതിനനുസരിച്ച് ജലസംരക്ഷണം കാര്യക്ഷമമാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള ഗൈഡ് ലൈൻ തയ്യാറാക്കിയിട്ടുണ്ട്. ഉപരിതലജലം പരമാവധി സംരക്ഷിക്കുക എന്ന നയത്തിന്റെ ഭാഗമായി നദികളിൽ റെഗുലേറ്ററുകൾ, തടയണകൾ എന്നിവ നിർമ്മിച്ചു വരുന്നു.<br>കൂടാതെ, കേരള ജല അതോറിറ്റി താത്കാലിക തടയണകൾ നിർമ്മിച്ച് ജലവിതരണ പദ്ധതികളുടെ സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പ് വരുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കാലവർഷത്തിൽ ലഭിക്കുന്ന മഴ പരമാവധി സംഭരിക്കുകയും മണ്ണിൽ താഴാൻ അനുവദിക്കുകയും ചെയ്യുക എന്ന ആശയത്തിൽ 'നീരുറവ്' |

| | | | |
|---|---|---|---|
| | | | എന്നൊരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ലോക ജലദിനമായ 22/03/2017 ന് വാട്ടർ അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകളായ തുറന്ന കിണറുകൾക്കടുത്ത് സംസ്ഥാന വ്യാപകമായി മഴക്കുഴികൾ നിർമ്മിക്കുകയുണ്ടായി. ഇതോടൊപ്പം മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളസംഭരണവും ലക്ഷ്യമിടുന്നുണ്ട്. അതോറിറ്റിയുടെ കേന്ദ്ര കാര്യാലയത്തിൽ നിർമ്മിക്കുന്ന കുളം (15 ലക്ഷം ലിറ്റർ) ഈ പദ്ധതിയുടെ പ്രധാന പ്രവൃത്തിയാണ്. കാര്യാലയ കാമ്പസ്സിൽ പെയ്തിറങ്ങുന്ന മഴവെള്ളവും സ്വാഭാവിക ഉറവകളും പരമാവധി പ്രയോജനപ്പെടുത്തുവാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.<br>പാഴായിപ്പോകുന്ന മഴവെള്ളം ശാസ്ത്രീയമായി സംഭരിച്ച് കുടിവെള്ളത്തിനും മറ്റു ഗാർഹിക ആവശ്യങ്ങൾക്കുമായി ഉപയോഗപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ കെ.ആർ. ഡബ്ല്യു.എസ്.എ.യുടെ (ജലനിധി) ഭാഗമായി പ്രവർത്തിക്കുന്ന 'മഴകേന്ദ്രം' സംസ്ഥാന പ്ലാൻ പദ്ധതിയിൽ നിന്നുള്ള ധനസഹായം ഉപയോഗപ്പെടുത്തി 'മഴവെള്ള സംഭരണം - ഭൂജല പരിപോഷണം' പദ്ധതി നടപ്പിലാക്കി വരുന്നു. ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിൽ point recharge, roof water harvesting, ചെറുകിയ തടയണകൾ (small checkdams), Gabion structure, radial arm, നീർക്കുഴികൾ, ഓട, ഓവുചാൽ നിർമ്മാണം, subsurface dyke (ഭൂമിയുടെ അടിയിലുള്ള തടയണകൾ) എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കി വരുന്നു. പാഴായിപ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ശുദ്ധീകരിച്ച് ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ